**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരളബാങ്കിലെ ഓഹരിലാഭവിഹിതം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ പ്രസ്തുത ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അവരുടെ ഓഹരി മൂലധനത്തിന് അടുത്ത 3 വർഷങ്ങളിൽ 10% ഡിവിഡന്റ് നല്കുന്നതാണെന്ന അന്നത്തെ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ തയ്യാറാക്കിയ Scheme of Amalgamation-ന്റെ Clause-IV Transfer of Shares-ൽ കേരള സംസ്ഥാന സഹകരണ ബാങ്ക് മിനിമം 10% ഡിവിഡന്റ് നൽകുന്നതിന് ശ്രമിക്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | ബാങ്കിന്റെ 2020-21 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച ലാഭ വിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അറ്റനഷ്ടം നികത്തുന്ന മുറയ്ക്ക് ലാഭവിഹിതം പ്രഖ്യാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ